
# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 68 Issue No. 04 April 2025 Rs. 15/-





ഏപ്രിൽ 24-ാം തീയതി
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്**
എറണാകുളം - അങ്കമാലി അതിരൂപതയുടെ
**പ്രാർത്ഥനാശംസകൾ!!!**

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 4 April 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. Decree - Special Tribunal

7. കച്ചേരിക്കാര്യം
   - നാമഹേതുകതിരുനാൾ
   - വിശുദ്ധ തൈലം
   - കച്ചേരി അവധി
   - Transfers/Appointments

8. നിര്യാതരായി

9. വാർത്തകളും വിശേഷങ്ങളും

13. വിശ്വാസപരിശീലന കേന്ദ്രം

17. ഫാമിലി അപ്പോസ്റ്റലേറ്റ്

18. AICO

19. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

22. നൈപുണ്യ ഇന്റർനാഷണൽ

24. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 1-4-2008 |
| Mar Varkey Cardinal Vithayathil, Puthenpally | 1927 | 1954 | 1-4-2011 |
| Fr. Panikulam Augusthy, Elavoor | 1882 | 1908 | 3-4-1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 3-4-1995 |
| Mar Abraham Kattumana, Ullala | 1944 | 1969 | 4-4-1995 |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 5-4-1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 5-4-1997 |
| Fr. Perumalil George, Ullala | 1944 | 1969 | 5-4-2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 7-4-1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 8-4-1950 |
| Fr. Kavalakkatt Paul, Kadukutty | 1925 | 1953 | 8-4-2010 |
| Fr. Narayamparambil Mathew, Valamangalam | 1924 | 1954 | 10-4-2008 |
| Fr. Koikara Joseph, Kizhakkambalam | | | 12-4-1897 |
| Magr. Parackal Antony, Angamaly | 1916 | 1941 | 13-4-2001 |
| Fr. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15-4-1939 |
| Fr. Thaliath Joseph (K) (Joly), Kanjoor | 1945 | 1970 | 15-4-2017 |
| Fr. Pallippadan Paul, Thuravoor | 1941 | 1967 | 16-4-1985 |
| Fr. Thottankara George, Koodalapad | 1943 | 1969 | 16-4-2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17-4-1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17-4-2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19-4-1936 |
| Fr. Painadeth Kochupaulo, Karukutty | 1869 | 1894 | 20-4-1934 |
| Fr. Powathil Antony, Thycattussery | 1896 | 1924 | 20-4-1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22-4-1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23-4-2014 |
| Fr. Kochuparampil George, Thottakam | 1906 | 1933 | 24-4-1982 |
| Fr. Kuttipuram George, Thalayolaparambu | 1930 | 1962 | 24-4-2004 |
| Fr. Payyappilly Thomas, Kottamam | 1949 | 1978 | 24-4-2022 |
| Fr. Narayamparambil Joseph, Thuravoor S. | 1920 | 1945 | 25-4-1999 |
| Fr. Kodiyan Thomas Chendamangalam | 1934 | 1963 | 26-4-2023 |
| Fr. Punakat George, Kolengai | 1901 | 1920 | 28-4-1961 |
| Fr. Nettikadan Varghese, Meloor | 1931 | 1957 | 29-4-1999 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30-4-1965 |

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 1198/2024

## DECREE CONSTITUTING THE SPECIAL TRIBUNAL FOR THE ARCHEPARCHY OF ERNAKULAM-ANGAMALY

**Whereas** a significant number of priests of the Archeparchy of Ernakulam-Angamaly have refused to implement the decision of the Synod of Bishops of the Syro-Malabar Church concerning the celebration of the Holy *Qurbana* in the uniform mode - approved by the Dicastery for the Eastern Churches and exhorted by His Holiness Pope Francis - which came into force on 18 April 2022, thereby causing a grave scandal within the Church and among the public;

**Whereas** a good number of the clergy, along with a group of laity, have persisted in grave disobedience and serious acts of indiscipline, disregarding the appeals of His Holiness Pope Francis, the Major Archbishop and the Synod of Bishops of the Syro-Malabar Church, as well as those of the Apostolic Administrators, Archbishop Cyril Vasil SJ, the Pontifical Delegate, to comply with the decision of the Synod and adhere to ecclesiastical discipline;

**Whereas** the undersigned, in my capacity as the Major Archbishop of the Syro-Malabar Church, being fully aware of my right and obligation to exercise vigilance in accordance with the norms of law, have written on multiple occasions to His Excellency Bishop Mar Bosco Puthur, the Apostolic Administrator of the Archeparchy of Ernakulam-Angamaly (Prot. No. 0336/2024, dated 18 March 2024; Prot. No. 0442/2024, dated 05 April 2024; Prot. No. 0905/2024, dated 07 September 2024), urging the initiation of disciplinary actions against those who persist obstinately in grave acts of indiscipline, defying the decisions of legitimate ecclesiastical authorities, and thereby causing irreparable harm to the Church and its mission;

**Whereas** His Excellency Bishop Mar Bosco Puthur, in his letter (Prot. No. AAP56/2024, dated 08 November 2024), expressed his inability to address the prevailing situation of widespread indiscipline and lawlessness among the clergy and the laity associated with them, and requested the undersigned to constitute a tribunal to address the grave acts of indiscipline by certain priests and lay faithful of the Archeparchy of Ernakulam-Angamaly;

**Whereas** the Dicastery for the Eastern Churches, in its clarification regarding the role of the Major Archbishop in the Archeparchy of Ernakulam-Angamaly - currently under Apostolic Administration - affirmed that the Major Archbishop retains full competence to exercise the prerogatives inherent to the Head of the Syro-Malabar Church (Prot. N. 144/2023, dated 26 March 2024). Furthermore, in response to the undersigned's request for explicit authorization to establish a special tribunal for

disciplinary matters within the Archeparchy, the Dicastery of the Eastern Churches unequivocally confirmed that the constitution of such a tribunal by the Major Archbishop is entirely within his prerogatives according to the norms of law (Prot. N. 144/2023, dated 30 July 2024);

**Now, therefore,** I, the undersigned, in my capacity as the Major Archbishop of the Syro-Malabar Church, with the aim of ensuring good order within the Archeparchy of Ernakulam-Angamaly, which is essential for the edification of the Church, and in accordance with canon 89 §1 of the Code of Canons of the Eastern Churches (CCEO), hereby exercise my right and obligation to vigilance over all clerics of the Archeparchy of Ernakulam-Angamaly and decree the constitution of a Special Tribunal.

This Special Tribunal, operating in the first instance in accordance with the penal procedural norms of the CCEO, shall be competent to address the acts of indiscipline committed by the clergy of the Archeparchy of Ernakulam-Angamaly. It is further decreed that this Special Tribunal will also have the competence to deal with the acts of indiscipline committed by the lay faithful of the Archeparchy as well as that of the religious serving in the Archeparchy, as per the norms of the law. The tribunal shall function at the Syro-Malabar Major Archiepiscopal Curia, located at Mount St. Thomas, Kakkanad, and shall consist of the following priests, who are entrusted with the respective roles assigned to them:

| | | |
|---|---|---|
| 1. Rev. Dr. James Mathew Pampara CMI | - | Presiding Judge |
| 2. Rev. Dr. Jose Marattil | - | Judge |
| 3. Rev. Fr. Joy Paliakkara | - | Judge |
| 4. Rev. Fr. Gervasis Anithottathil | - | Promoter of Justice |
| 5. Rev. Fr. Joseph Kamicherry | - | Notary |
| 6. Rev. Dr. Joseph Paruvummel | - | Advocate |
| 7. Rev. Dr. Francis Aloor | - | Advocate |
| 8. Rev. Dr. Mathew Kallarackal | - | Advocate |

Anything contrary notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church, Mount St. Thomas, Kakkanad on 18 December 2024.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

The Syro-Malabar Major Archiepiscopal Curia

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor

# കച്ചേരിക്കാര്യം

## നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന **കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്** അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## വിശുദ്ധ തൈലം

- വിശുദ്ധ തൈലം ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച മുതൽ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.

## കച്ചേരി അവധി

പെസഹാ വ്യാഴം മുതൽ ഈസ്റ്റർദിനം വരെ അതിരൂപതാ കച്ചേരിക്ക് അവധിയായിരിക്കും

## Transfers/Appointments of Priests

**March 2025**

Madassery Paul (Shaiju) (Jr.) Chunangamvely

*Chancellor*

## മാർ എബ്രാഹം കാട്ടുമന പിതാവിന്റെ 30-ാം ചരമവാർഷികം



ഏപ്രിൽ 04-ാം തീയതി വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി അനുസ്മരണ പ്രാർത്ഥന ഉണ്ടായിരിക്കും. അന്നേ ദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

---



# നിര്യാതരായി



**സിസ്റ്റർ ഒസ്സിയ പുന്നശ്ശേരി FCC**
എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 13-04-1937
ആദ്യ വ്രതം : 08-05-1961
മരണം : 17-03-2025



**സിസ്റ്റർ സെർവിയ FCC**
എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 18-03-1940
ആദ്യ വ്രതം : 07-05-1964
മരണം : 18-03-2025

# വാർത്തകളും വിശേഷങ്ങളും

## കാരുണ്യത്തിന്റെ മിഷനറിമാരുടെ ജൂബിലിക്കൊരുങ്ങി വത്തിക്കാൻ

2025-ൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലെ പ്രധാനസംഭവങ്ങളിൽ ആറാമത്തേതായ, "കാരുണ്യത്തിന്റെ മിഷനറിമാരുടെ" ജൂബിലിയാഘോഷങ്ങൾ മാർച്ച് 28 വെള്ളിയാഴ്ച മുതൽ 30 ഞായറാഴ്ച വരെ തീയതികളിൽ റോമിൽ നടക്കും. സംഭവത്തിൽ അഞ്ഞൂറോളം മിഷനറിമാരും, അവരുടെ സഹപ്രവർത്തകരും കുടുംബാംഗങ്ങളും പങ്കെടുക്കുമെന്നാണ് കണക്കുകൂട്ടുന്നത്. ആരോഗ്യകാരണങ്ങളാൽ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കാനാകില്ലെങ്കിലും, ഫ്രാൻസിസ് പാപ്പാ ഇവർക്കായി ഒരു സന്ദേശം നൽകുമെന്ന് സുവിശേഷവത്കരണത്തിനായുള്ള ഡികാസ്റ്ററി മാർച്ച് 26-ന് പുറത്തുവിട്ട ഒരു പത്രക്കുറിപ്പിലൂടെ അറിയിച്ചു.

2015-ലെ പ്രത്യേക കാരുണ്യത്തിന്റെ വിശുദ്ധവർഷവുമായി ബന്ധപ്പെട്ട് ഫ്രാൻസിസ് പാപ്പായുടെ നിർദ്ദേശപ്രകാരം തയ്യാറാക്കപ്പെട്ട പ്രത്യേക നിയോഗം ജീവിക്കുന്ന ഇവരുടെ എണ്ണം ഏറെ വളർന്നുവെന്നും, നിലവിൽ ഇവരിൽ 1258 വൈദികരുണ്ടെന്നും ഡികാസ്റ്ററി തങ്ങളുടെ പത്രക്കുറിപ്പിൽ എഴുതി. പരിശുദ്ധ സിംഹാസനത്തിന് മാത്രമായി അനുവദിക്കപ്പെട്ടിരുന്ന പ്രത്യേക പാപമോചനാനുവാദങ്ങളും ഇവർക്ക് നല്കപ്പെട്ടിരുന്നു.

മാർച്ച് 28-ന് രാവിലെ പത്തുമണിക്ക് പോൾ ആറാമൻ ശാലയിൽ വച്ചുനടക്കുന്ന പ്രാർത്ഥനയോടെയാകും ആഘോഷങ്ങൾ ആരംഭിക്കുക. തുടർന്നുനടക്കുന്ന കോൺഗ്രസിൽ, 'പാപമോചനം, പ്രത്യാശയുടെ ഉറവ' എന്ന വിഷയം വിചിന്തനം ചെയ്യപ്പെടും.

വൈകുന്നേരം, വിശുദ്ധ അന്ത്രേയായുടെ ബസലിക്കയിൽവച്ച് പ്രത്യേക പ്രാർത്ഥന നടക്കും. ഇതേ വൈകുന്നേരം ലോകമാസകലമുള്ള എല്ലാ രൂപതകളിലും നോമ്പുകാലം നാലാം ഞായറാഴ്ചയിലേക്കുള്ള ഒരുക്കത്തിനായുള്ള സായാഹ്ന പ്രാർത്ഥനകൾ നടക്കും. അനുരഞ്ജനകൂദാശയ്ക്ക് പ്രാധാന്യം നൽകാനുള്ള പരിശ്രമങ്ങളുടെ ഭാഗമായിട്ടായിരിക്കും ഈ പ്രാർത്ഥനകൾ നടക്കുക.

മാർച്ച് 29 ശനിയാഴ്ച രാവിലെ മിഷനറിമാർ വിശുദ്ധ പത്രോസിന്റെ ബസലിക്കയിലെ വിശുദ്ധവാതിലിലേക്കെത്തും. തുടർന്ന് വത്തിക്കാൻ ഗാർഡനിലെ ലൂർദ്ദ് ഗ്രോട്ടോയിൽ ജപമാല പ്രാർത്ഥനയും നടക്കും.

മാർച്ച് 30 ഞായറാഴ്ച രാവിലെ പത്തിന് വിശുദ്ധ അന്ത്രേയായുടെ ബസലിക്കയിൽവച്ച് അഭിവന്ദ്യ ആർച്ച്ബിഷപ് ഫിസിക്കെല്ലയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധബലി അർപ്പിക്കപ്പെടും.

ആഘോഷങ്ങളിൽ, ഇറ്റലി, അമേരിക്ക, പോളണ്ട്, ബ്രസീൽ, സ്പെയിൻ, ഫ്രാൻസ്, മെക്സിക്കോ, ജർമനി, സ്ലോവാക്കിയ, ഫിലിപ്പീൻസ്, ബംഗ്ലാദേശ്, ഉക്രൈൻ, കൊളമ്പിയ, ഇന്ത്യ എന്നീ രാജ്യങ്ങളിൽനിന്നായിരിക്കും കൂടുതൽ മിഷനറിമാരെത്തുകയെന്ന് പത്രക്കുറിപ്പ് വ്യക്തമാക്കി.

## ആശുപത്രിവിമുക്തനായി വത്തിക്കാനിലെത്തിയ പാപ്പായുടെ ചികിത്സകൾ തുടരുന്നു

കടുത്ത അസുഖങ്ങളെത്തുടർന്ന് റോമിലെ ജെമെല്ലി ആശുപത്രിയിൽ ഒരുമാസത്തിലേറെ ചികിത്സയിലായിരുന്ന ഫ്രാൻസിസ് പാപ്പാ തിരികെ വത്തിക്കാനിലെത്തിയെങ്കിലും, മുൻപ് അറിയിച്ചിരുന്നതുപോലെ രണ്ടുമാസത്തേക്കെങ്കിലും ചികിത്സയോടു

കൂടിയ വിശ്രമത്തിലായിരിക്കുമെന്ന് വത്തിക്കാൻ പ്രെസ് ഓഫീസ് വ്യക്തമാക്കി. സാന്താ മാർത്തായിലെ രണ്ടാം നിലയിലുള്ള ചാപ്പലിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ പാപ്പാ സഹകാർമ്മികനായെന്നും മാർച്ച് 25 ചൊവ്വാഴ്ച ഉച്ചയോടെ പരിശുദ്ധ സിംഹാസനത്തിന്റെ പ്രസ്സ് ഓഫീസ് പത്രപ്രവർത്തകരെ അറിയിച്ചു.

ശ്വാസകോശസംബന്ധിയായ ബുദ്ധിമുട്ടുകളെത്തുടർന്ന് ഫെബ്രുവരി 14 വെള്ളിയാഴ്ച ജെമെല്ലി പോളിക്ലിനിക് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട പാപ്പാ 38 ദിവസങ്ങൾക്ക് ശേഷം മാർച്ച് 23 ഞായറാഴ്ചയാണ് വത്തിക്കാനിലേക്ക് തിരികെയെത്തിയത്. ഈ ദിവസങ്ങളിലും പാപ്പായ്ക്ക് വിവിധ മരുന്നുകളും, ഫിസിയോതെറാപ്പികളും നൽകുന്നുണ്ടെന്ന് പ്രെസ് ഓഫീസ് അറിയിച്ചു. സ്വരം വീണ്ടെടുക്കാനായുള്ള ശ്വസനഫിസിയോതെറാപ്പി പ്രത്യേകമായി പാപ്പായ്ക്ക് ലഭ്യമാക്കുന്നുണ്ട്.

മരുന്നുകൾക്കും ഫിസിയോതെറാപ്പിക്കും പുറമെ, ആശുപത്രിയിലെ അവസാനദിവസങ്ങളിൽ നല്കിയിരുന്നതുപോലെ പാപ്പായ്ക്ക് ഈ ദിവസങ്ങളിൽ സാന്താ മാർത്തായിൽ വച്ചും ഓക്സിജൻ നൽകുന്നുണ്ടെന്നും, എന്നാൽ മുമ്പത്തേതിനേക്കാൾ കുറഞ്ഞ അളവിൽമാത്രമാണ് ഇപ്പോൾ ഇത് നൽകുന്നതെന്നും പ്രസ്സ് ഓഫീസ് വിശദീകരിച്ചു. വിശുദ്ധകുർബാനയർപ്പണത്തിലും പ്രാർത്ഥനയിലും ചെറിയതോതിലുള്ള ജോലികളിലും മുഴുകുന്നുണ്ടെങ്കിലും പുറത്തുനിന്നുള്ള സന്ദർശകരെ ആരെയും നിലവിൽ പാപ്പാ സ്വീകരിക്കുന്നില്ലെന്നും പ്രസ്സ് ഓഫീസ് വ്യക്തമാക്കി.

ജൂബിലിയുമായോ, വലിയ ആഴ്ചയിലെ കർമ്മങ്ങളുമായോ ബന്ധപ്പെട്ടോ പരിപാടികളിൽ പാപ്പായുടെ പങ്കാളിത്തം സംബന്ധിച്ച് നിലവിൽ തീരുമാനങ്ങൾ ഒന്നും ആയിട്ടില്ല. പാപ്പായുടെ

ആരോഗ്യസ്ഥിതിയിലുള്ള മാറ്റമനുസരിച്ചായിരിക്കും മുന്നോട്ടുള്ള തീരുമാനങ്ങളെന്ന് പ്രെസ് ഓഫീസ് വിശദീകരിച്ചു. എന്നാൽ കഴിഞ്ഞ ആഴ്ചകളിലെന്നപോലെ, ഈ ബുധനാഴ്ചയും പൊതുകൂടിക്കാഴ്ചാവേളയിലേക്കായി തയ്യാറാക്കപ്പെട്ട പാപ്പായുടെ പ്രഭാഷണം പ്രസിദ്ധീകരിക്കപ്പെടുമെന്നും പ്രെസ് ഓഫീസ് കൂട്ടിച്ചേർത്തു.

അപകടകരമായ രണ്ട് പ്രതിസന്ധികൾ

ഇറ്റാലിയൻ പത്രമായ 'കൊറിയേരെ ദെല്ല സേര'യ്ക്ക് മാർച്ച് 25-ന് അനുവദിച്ച ഒരു അഭിമുഖത്തിൽ, ഇത്തവണത്തെ രോഗാവസ്ഥയിൽ പാപ്പാ രണ്ടു ഗുരുതരനിമിഷങ്ങളിലൂടെ കടന്നുപോയെന്ന്, അദ്ദേഹത്തെ ചികിത്സിച്ച ഡോ. സേർജിയോ അൽഫിയേരി പറഞ്ഞിരുന്നു. ഫ്രാൻസിസ് പാപ്പായെ ആശുപത്രിയിൽനിന്ന് ഡിസ്ചാർജാക്കുന്നതിന് മുൻപും ഇതുസംബന്ധിച്ച് ജെമെല്ലി ആശുപത്രിയിൽ വച്ച് അദ്ദേഹം സംസാരിച്ചിരുന്നു ഇതിൽ ശ്വാസകോശമസിലുകൾ കോച്ചിപ്പിടിക്കുന്നതുമായി ബന്ധപ്പെട്ട് ഫെബ്രുവരി 28-നുണ്ടായ ബുദ്ധിമുട്ട് ഏറെ ആശങ്കയുളവാക്കിയെന്ന് അദ്ദേഹം വ്യക്തമാക്കി. ശരീരാവയവങ്ങൾക്ക് നാശമുണ്ടായേക്കാവുന്ന സാധ്യത ഉണ്ടെങ്കിലും കഴിയുന്നത്ര മരുന്നുകൾ നൽകി അദ്ദേഹത്തെ രക്ഷിക്കാൻ ശ്രമിക്കാണോ അതോ, മരുന്നുകൾ നിറുത്തിവയ്ക്കണോ എന്ന തീരുമാനമെടുക്കേണ്ടിവന്ന ഒരവസ്ഥയുണ്ടായെന്നും, എന്നാൽ പിന്നീട് ഉണ്ടായ തീരുമാനപ്രകാരം ചികിത്സ തുടരുകയായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

* * * * *

# വിശ്വാസപരിശീലനകേന്ദ്രം

1. അതിരൂപതയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ 29-ാം Intensive Bible Course-ാണ് Biblia Fest-2025. “പ്രാർത്ഥനയിൽ വളരാം” എന്നതാണ് Biblia Fest-2025ന്റെ വിഷയം. കുട്ടികളുടെ പ്രായത്തിനും അഭിരുചിക്കും ഇണങ്ങിയ ഭാഷയും ആക്ടിവിറ്റീസും ഉൾപ്പെടുത്തിയാണ് LP, UP, HS വിഭാഗങ്ങൾക്കായി വെവ്വേറെ ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. 2025 മാർച്ച് 31-ാം തീയതി തിങ്കളാഴ്ച മുതൽ ഏപ്രിൽ 12 വരെയുള്ള ദിവസങ്ങളിലാണ് ഇന്റൻസീവ് ബൈബിൾ കോഴ്സ് നടത്തുവാൻ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഓരോ ഇടവകയുടെയും സമയവും സാഹചര്യവും അനുസരിച്ച് **IBC** അതത് ഇടവകകളിൽ ബഹു. വികാരിയച്ചന്മാർക്ക് ക്രമീകരിക്കാം. ബുക്കുകളും, ആക്ഷൻ സോങ്ങുകളും തയ്യാറാക്കിയവർക്ക് ഹൃദയപൂർവ്വം നന്ദി. ഇടവകകളിലെ വിശ്വാസ പരിശീലകരുടെ നേതൃത്വത്തിൽ Biblia Fest-2025 കുട്ടികൾക്ക് വിശ്വാസദീപ്തവും ഉല്ലാസപ്രദവുമാകട്ടെ!

2. **2024-2025 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാം വർഷ ഡിപ്ലോമ (Class XI) 2nd Session: 2025 ഏപ്രിൽ 05, 06 (ശനി, ഞായർ) തീയതികളിലും, രണ്ടാം വർഷ ഡിപ്ലോമ (Class XII) 2nd Session: 2025 മെയ് 08, 09 (വ്യാഴം, വെള്ളി) തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

3. **പുനഃപരീക്ഷ: X, XII** ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ** ഒന്നാം സെമസ്റ്റർ പരീക്ഷയും **ഉച്ചയ്ക്കുശേഷം 2.00 മുതൽ 4.00 വരെ** രണ്ടാം സെമസ്റ്റർ പരീക്ഷയും നടത്തപ്പെടുന്നു. XI-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

4. **Mar Joseph Cardinal Parecattil Catechism Star of Excellence അവാർഡ് :** നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള **Mar Joseph Cardinal Parecattil Catechism Star of Excellence** അവാർഡ് ഈ വർഷവും നൽകുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് **Verify** ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2025 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

5. **Archbishop Augustine Kandathil Catechism Students' Stars:** 12 വർഷം (2012-2013 അദ്ധ്യയനവർഷം മുതൽ 2024-2025 വരെ) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ **Archbishop Augustine Kandathil Catechism Students' Stars** എന്ന പേരിൽ അതിരൂപത ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് **Verify** ചെയ്തതിനുശേഷം

വികാരിയച്ചന്റെ അംഗീകാരത്തോടെ 2025 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

6. **ജൂബിലിവർഷം:** 2024-25 വർഷങ്ങളിൽ വിശ്വാസപരിശീലന രംഗത്ത് 25 വർഷവും 40 വർഷവും 50 വർഷവും പൂർത്തിയാക്കിയ അദ്ധ്യാപകർ ഇടവകയിൽ ഉണ്ടെങ്കിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടെ അവരുടെ പേര്, വീട്ടുപേര്, ഇടവക, എന്നിവ അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏപ്രിൽ 15-ന് മുൻപായി ഏല്പിക്കേണ്ടതാണ്.

7. **Catechism Teachers' Basic Orientation Course (Residential):** 2025 മെയ് 10,11 തീയതികളിൽ Catechism Teachers Basic Orientation Course (Residential) കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. ഈ വർഷം അദ്ധ്യാപന രംഗത്തേക്കു കടന്നുവരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലന ക്ലാസ്സിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ ഏപ്രിൽ 30-ാം തീയതിക്ക് മുമ്പായി നൽകുക.

8. **AI Seminar for Catechism Teachers:** അതിരൂപതയിലെ വിശ്വാസപരിശീലന അദ്ധ്യാപകർക്ക് വേണ്ടി 2025 മെയ് 4-ാം

തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് AI Seminar നടത്തപ്പെടുന്നു. രജിസ്ട്രേഷന്റെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

9. **പ്രമോട്ടേഴ്സ് & സെക്രട്ടറീസ് മീറ്റ്:** 2024-2025 അദ്ധ്യയന വർഷത്തിന്റെ സമാപ്തിയിൽ ബഹുമാനപ്പെട്ട പ്രമോട്ടേഴ്സിന്റെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം 2025 മാർച്ച് 01-ാം തീയതി ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി.

10. **ഫൊറോന ഡയറക്ടർമാരുടെ യോഗം:** 2025 മാർച്ച് 27-ാം തീയതി വ്യാഴാഴ്ച ഫൊറോന ഡയറക്ടർമാരുടെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

11. **പ്രതിഭാസംഗമം:** ഈ വർഷത്തെ ഏഴാം ക്ലാസ്സിലെ കുട്ടികളുടെ അതിരൂപതാ പ്രതിഭാസംഗമം 2025 മാർച്ച് 30-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)
Jeevalaya Family Park, Chengal,Kalady 683574.
Ph: 0484-2462607, 8281544111

Renewal Centre, Azad Road Kaloor, Ph: 0484-2533077
Web: www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2025 ഏപ്രിൽ – മെയ്

### വിവാഹഒരുക്ക ധ്യാനം (MPR)

ഏപ്രിൽ 01-03 (കാലടി)
ഏപ്രിൽ 07-09 (കലൂർ)
ഏപ്രിൽ 14-16 (കാലടി)
ഏപ്രിൽ 28-30 (കാലടി)
ഏപ്രിൽ 29-01 (കലൂർ)
മെയ് 13-15 (കാലടി)
മെയ് 19-21 (കലൂർ)
മെയ് 27-29 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### Teens Fest (13 വയസ്സുമുതൽ 18 വരെ)

ഏപ്രിൽ 03-05 (50 പേർക്ക് മാത്രം)

### ഇടവക ധ്യാനം

ഏപ്രിൽ 04 – കുറ്റിപ്പുഴ

### സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

ഏപ്രിൽ 05-07 – മംഗലശ്ശേരി
ഏപ്രിൽ 10-12 – കൊതവറ

### പേരന്റിംഗ് സെമിനാർ (ആദ്യകുർബ്ബാന സ്വീകരണം)

ഏപ്രിൽ 06
ഏപ്രിൽ 26

### ദമ്പതീ ധ്യാനം (Contact Number: 8078334522)

ഏപ്രിൽ 11-13 (20 ദമ്പതികൾക്ക് മാത്രം)

**സിംഗിൾ പേരൻറിംഗ് സംഗമം**

ഏപ്രിൽ 20

## അറിയിപ്പ്

ആദ്യകുർബ്ബാന സ്വീകരണത്തോടനുബന്ധിച്ച് മാതാപിതാക്കൾക്കുവേണ്ടി ഇടവകകളിൽ പാരന്റിംഗ് സെമിനാർ നടത്തുന്നതിന് ഡിപ്പാർട്ടുമെന്റിനെ സമീപിക്കാവുന്നതാണ്.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഫെബ്രു 27 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മാർച്ച് 10 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മാർച്ച് 11 | കളമശ്ശേരി ഷോപ്പിംഗ് കോംപ്ലക്സ് |
| മാർച്ച് 15 | ലിറ്റിൽ ഫ്ളവർ ചർച്ച്, ലിസ്യു നഗർ, ചേർത്തല |
| മാർച്ച് 20 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മാർച്ച് 24 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അമ്മക്കൂട്ട് പദ്ധതിക്ക് തുടക്കമായി

സഹൃദയയുടെ ആഭിമുഖ്യത്തിൽ വനിതാദിനാചരണത്തോടനുബന്ധിച്ച് ലഹരിക്കെതിരെ സഹൃദയ സംഘാംഗങ്ങളായ അമ്മമാരുടെ നേതൃത്വത്തിൽ കേരള പോലീസിന്റെ യോദ്ധാവ് പദ്ധതിയുമായി സഹകരിച്ച് നടപ്പാക്കുന്ന അമ്മക്കൂട്ട് പദ്ധതിക്ക് തുടക്കമായി. മനോമിത്രം കൗൺസിലിംഗ് സെന്ററിന്റെ ഉദ്ഘാടനവും, സംരംഭങ്ങൾക്കുള്ള വായ്പാവിതരണ പദ്ധതി, മികച്ച സംരംഭകർക്കുള്ള അവാർഡുകൾ, മികച്ച വനിതാ കർഷകർക്കുള്ള അവാർഡുകൾ, മികച്ച ആനിമേറ്റർമാർക്കുള്ള അവാർഡുകൾ എന്നിവയുടെ വിതരണവും നടത്തി.

'മക്കൾക്ക് കൂട്ട് മാതാക്കൾ' എന്ന സന്ദേശവുമായി ആരംഭിക്കുന്ന അമ്മക്കൂട്ട് പദ്ധതിയിലൂടെ ലഹരിവിപത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ഉപയോഗിക്കുന്നവരുടെ ലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും അറിവുനേടാനും മക്കളുമായി കൂടുതൽ സൗഹൃദം സ്ഥാപിച്ച് ലഹരിവലയത്തിൽ നിന്നകറ്റാനും ആവശ്യമുള്ളവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള ശ്രമങ്ങളാണ് അമ്മക്കൂട്ട് പദ്ധതി വഴി ലക്ഷ്യമിടുന്നത്. സഹൃദയ സംഘാംഗങ്ങളായ അമ്പതിനായിരം അമ്മമാരിൽ തുടങ്ങി എല്ലാ അമ്മമാരെയും ലഹരിക്കെതിരെയുള്ള സന്നദ്ധസേവകരാക്കുകയാണ് ലക്ഷ്യം.

## അന്താരാഷ്ട്ര വനിതാ ദിനാഘോഷം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ജൻ ശിക്ഷൺ സംസ്ഥാൻ എറണാകുളത്തിന്റെ സഹകരണത്തോടെ പറവൂർ സഹൃദയ മേഖല ഓഫീസിൽ വച്ച് സ്ത്രീ സംരംഭകരെയും ട്രെയിനർമാരെയും ആദരിക്കൽ, ട്രെയിനിങ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം, എന്നിവ നടത്തി.

## സോളാർ ഗ്രാമം പദ്ധതി

അങ്കമാലി-തുറവൂർ ഗ്രാമപഞ്ചായത്തിലെ അങ്കമാലി ബ്ലോക്ക് സാമൂഹ്യ ക്ഷേമ സഹകരണ സംഘം സഹൃദയടെക്കുമായി സഹകരിച്ച് സോളാർ ഗ്രാമം പദ്ധതി നടപ്പാക്കുന്നു. സോളാർ വൈദ്യുത യൂണിറ്റുകൾ സ്ഥാപിക്കുവാൻ താത്പര്യമുള്ളവർക്ക് സംഘം വഴി വായ്പ നൽകുന്ന പദ്ധതിയാണിത്.

## സിലായ് സ്കൂൾ സർട്ടിഫിക്കറ്റ് വിതരണം

സഹൃദയയുടേയും ഉഷാ ഇന്റർനാഷണലിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ സിലായി സ്കൂൾ പരിശീലനം പൂർത്തിയാക്കിയ 40 പരിശീലനാർഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം സംഘടിപ്പിച്ചു.

## ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ. എൽ. ജി. ചെറുകടപ്പുറം, കിഴക്കമ്പലം, മേരിഗിരി, കോടനാട്, പെരിയാർ മുഖം, ജോസ്പുരം, ഉദയംപേരൂർ, പൂണിത്തുറ, കോക്കുന്ന്, സെഹിയോൻ പുരം, ദേവഗിരി, ആരക്കുന്നം, നായരമ്പലം, താബോർ, കീഴ്മാട്, പട്ടിമറ്റം, പനങ്ങാട്, വെസ്റ്റ് ചേരാനല്ലൂർ, കാഞ്ഞൂർ, തൃപ്പൂണിത്തുറ, നോർത്ത് പറവൂർ, പൂക്കാട്ടുപടി, പനങ്ങാട്, കാരുകുന്ന്, നാലുകെട്ട്, താബോർ, മഞ്ഞപ്ര, കുറുമശ്ശേരി, മംഗലത്തുനാട്, ചാത്തമ്മ, വേങ്ങൂർ, അന്നമനട, കിഴക്കമ്പലം, ഇടക്കുന്ന്, അശോകപുരം, കുഴുപ്പിള്ളി, ചമ്പന്നൂർ, പെരുമ്പാവൂർ, പള്ളിമുകൾ, ചിറ്റനാട്, കോടുശ്ശേരി, നീലേശ്വരം, അട്ടാറ, വളപ്പ്, ഏഴിക്കര, പുതുവൈപ്പ്, കുറ്റിപ്പുഴ, മരട്, പെരുമാനൂർ, നടുവട്ടം, പാലാരിവട്ടം, മാണികൃമംഗലം, ആരക്കുന്നം, എടക്കാട്ടുവയൽ, പഴങ്ങനാട്, തുരുത്തിപ്പുറം, ഇല്ലിത്തോട്, കിഴക്കമ്പലം, ജിയോപുരം, മഞ്ചക്കാട് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

## സുസ്മിതം പദ്ധതിയുടെ ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ കെയർ ആൻഡ് സേഫ് പ്രോജക്ടുമായി സഹകരിച്ച് നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന

പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് നോർത്ത് കിടങ്ങൂർ, സൗത്ത് കിടങ്ങൂർ, നായരമ്പലം, തിരുനല്ലൂർ, അകപ്പറമ്പ്, സൗത്ത് വാഴക്കുളം, വെസ്റ്റ് കൊരട്ടി, കോക്കുന്ന്, വളമംഗലം, കൊങ്ങോർപ്പിള്ളി, ഒലീവ് മൗണ്ട്, അച്ചിനകം, നടുവട്ടം, പുതിയകാവ്, വാതക്കാട്, അങ്കമാലി, മൂക്കന്നൂർ, കരുമാലൂർ, ചേന്ദമംഗലം, സെബിപുരം, കൊല്ലക്കോട്, പറവൂർ, തുണ്ടത്തുംകടവ്, ചെമ്പ്, കാടുകുറ്റി, മേലൂർ, മനക്കോടം, തുരുത്തിപ്പുറം, അയിരൂർ, ചെങ്ങമനാട്, നായത്തോട് എന്നീ വില്ലേജുകളിൽ സംഘടിപ്പിച്ചു.

**സഹൃദയ ആനിമേറ്റഴ്സ് മീറ്റിംഗ്**

സഹൃദയ സംഘം ആനിമേറ്റർമാരുടെ മേഖലാതല മീറ്റിംങ്ങ് പറവൂർ, പൊന്നുരുന്നി, കാലടി, അങ്കമാലി, ചേർത്തല എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷിക ആഘോഷം**

വെസ്റ്റ് കൊരട്ടി, സൗത്ത് വാഴക്കുളം, കാടുകുറ്റി, മുരിങ്ങൂർ, ഇടവക കളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**സഹൃദയ ഫെസ്റ്റ്**

ചങ്ങമ്പുഴ നഗർ ഫാത്തിമാ മാതാ ഇടവകയിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

**ഹരിതകർമസേന പരിശീലനം**

മൂവാറ്റുപുഴ ബ്ലോക്കിലെ മഞ്ഞള്ളൂർ, പായിപ്ര, കൂവപ്പടി ബ്ലോക്കിലെ ഒക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമ സേനാംഗങ്ങൾക്ക് ത്രിദിന ശേഷി വികസന പരിശീലനം നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**

**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Unlock your future: Study in Germany for FREE at top public universities!
- Kick start your Nursing career in New Zealand- Bachelor of Nursing for 12th grade students.
- Pursue your Master's Degree in Australia - Elevate your future!
- Enroll in a Research Program in the UK- Explore opportunities while traveling with your spouse!
- IELTS offline (new batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2025 ഏപ്രിൽ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (A1, A2) **ഏപ്രിൽ 1-ന് ആരംഭിക്കുന്നു.**
2. ജർമൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (A1) **ഏപ്രിൽ 7-ന്**
3. ജർമൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (B2) **ഏപ്രിൽ 28-ന്**
4. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (B1) **ഏപ്രിൽ 28-ന്**

5. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) **ഏപ്രിൽ 21–ന്**
6. KAS (KERALA ADMINISTRATIVE SERVICE) ഓഫ്‌ലൈൻ & ഓൺലൈൻ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു (2025).
7. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചുകളുടെ ക്ലാസുകൾ തുടരുന്നു (2024 2025).
8. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.
9. CIVIL SERVICE SUMMER CAMP.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 April Programs**

1. UGC NET /JRF PAPER I & PAPER II -Offline (Batch for 2025 JUNE exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. LAW ENTRANCE COACHING CLAT, KLEE (admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)
11. SUMMER CAMP FOR $10^{th}$ & $12^{th}$ STUDENTS.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി എൽ.എഫ്. ക്യാമ്പസിലെ – നൈപുണ്യ ഇന്റർനാഷണലിൽ

ഇംഗ്ലീഷ് പരിജ്ഞാന പരിശീലന കോഴ്സുകളായ IELTS, PTE എന്നിവയും, ഇംഗ്ലീഷ് സംഭാഷണ നൈപുണ്യത്തിനായി വിദ്യാർത്ഥികൾക്ക് Communicative English കോച്ചിംഗും നല്കുന്നു. വിദേശ പഠനം, വിദേശ ജോലികൾ എന്നിവ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കുവേണ്ടി വിദഗ്ദ്ധ അദ്ധ്യാപകർ ഇംഗ്ലീഷ് പരിജ്ഞാന പരിശീലനം നൽകുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാകുവാൻ Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മാർച്ച് 2025**

20 മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തോടനുബന്ധിച്ച് എറണാകുളം അരമനയിലെ വൈദികരും സ്റ്റാഫ് അംഗങ്ങളും പിതാവിന് ആശംസകളർപ്പിച്ചു.

5-7 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

20-22 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

22 മാർ ജോസഫ് പാംപ്ലാനി പിതാവ്, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി ഇക്കൊല്ലം ഡീക്കൻ പട്ടം സ്വീകരിക്കുന്ന 13 സബ് ഡീക്കന്മാരെ എറണാകുളം അരമനയിൽ നേരിൽ കണ്ട് സംസാരിച്ചു.

* * * * *



ഓശാന, പെസഹാ തിരുനാളുകളുടെ
ആശംസകൾ!



RNI No. 3421/57
Date of Publication: 01-04-2025

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM

ജീവിച്ചിരിക്കുന്നവനെ
നിങ്ങൾ മരിച്ചവരുടെയിടയിൽ
അന്വേഷിക്കുന്നത് എന്തിന്?
അവൻ ഇവിടെയില്ല,
ഉയിർപ്പിക്കപ്പെട്ടു.

(ലൂക്ക 24:5)

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org